പോലെ പൊതുജനത്തിന് ഫയൽ ട്രാക്ക് ചെയ്യുവാനും സാധിക്കുന്നതാണ്. എല്ലാ ഡിപ്പാർട്ട്മെന്റുകളിലും പൂർണ്ണമായി ഇ-ഓഫീസ് നടപ്പിലാക്കി കഴിഞ്ഞാൽ ഐഡിയാസ് പിൻവലിക്കുന്നതായിരിക്കും.

പി.എസ്.സി.-യുടെ ഓൺലൈൻ പരീക്ഷാകേന്ദ്രം

47 (3678) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് മുഖേന പരീക്ഷാ നടത്തിപ്പിൽ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഓൺലൈൻ പരീക്ഷാകേന്ദ്രം മുഖേനയുള്ള പരീക്ഷ നടത്തിപ്പിൽ ചെലവ് ചുരുക്കാൻ സാധിക്കുമോ ;

(ഡി) നിലവിൽ ഒരു ഉദ്യോഗാർത്ഥിക്ക് പരീക്ഷാ നടത്തിപ്പിന് പി.എസ്.സി. ചെലവഴിക്കുന്നത് എത്ര രൂപയാണെന്നും ഓൺലൈൻ പരീക്ഷാകേന്ദ്രം വന്നാൽ ഇത് എത്രയാകുമെന്നും വ്യക്തമാക്കാമോ ;

(ഇ) ഇത് നടപ്പിലാക്കുന്നതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ നിലവിലുള്ളവ വെട്ടിച്ചുരുക്കുകയോ ചെയ്യുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓൺലൈൻ പരീക്ഷാകേന്ദ്രങ്ങൾ മുഖേന പരീക്ഷാ നടത്തിപ്പിൽ താഴെ പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് :

1. പരീക്ഷാ തീയതി മുതൽ ഒരു മാസത്തിനകം ചുരുക്ക/സാദ്ധ്യത/റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക
2. കൂടുതൽ മികച്ച ഭൗതിക സൗകര്യങ്ങളുള്ള പരീക്ഷാകേന്ദ്രങ്ങൾ ലഭ്യമാക്കുക
3. പരീക്ഷാ കേന്ദ്രങ്ങളുടെ നിലവിലെ ലഭ്യതക്കുറവുമൂലമുള്ള കാലതാമസം ഒഴിവാക്കുക.

(സി) ചെലവ് ചുരുക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ ഒരു ഉദ്യോഗാർത്ഥിക്ക് എത്ര ശ്രമ പരീക്ഷാ നടത്തിപ്പിനായി ചെലവഴിക്കുന്നുണ്ടെന്ന് ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടില്ല. ഉദ്യോഗാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഇത വ്യത്യാസപ്പെടും എന്നതിനാലാണ് ഇങ്ങനെ തിട്ടപ്പെടുത്താത്തത്. ഓൺലൈൻ പരീക്ഷകളാകുമ്പോൾ ഇതയിൽ ഗണ്യമായ കുറവുണ്ടാകും.

(ഇ) ഇല്ല.

പി.എസ്.സി.-യിലെ ജീവനക്കാരന്റെ സീനിയോറിറ്റി പുനഃസ്ഥാപനം

48 (3679) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) KS&SSR റൂൾ 8 അനുസരിച്ച് മാതൃവകുപ്പായ പി.എസ്.സി.-യിലേക്ക് തിരികെ വരുന്നതിനുള്ള അപേക്ഷ ഏഴ് കൊല്ലക്കാലം തടഞ്ഞ് വയ്ക്കുകയും പിന്നീട് കോടതി വിധിയിലൂടെ പി.എസ്.സി.-യിൽ പുനർ നിയമനം ലഭിച്ച ജോൺസൺ. ജി.-യുടെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നതും മറ്റാനുകൂല്യങ്ങൾ നൽകുന്നതും ഒന്നര കൊല്ലമായിട്ടും നടപ്പാക്കി നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) KS&SSR റൂൾ 8 അനുസരിച്ച് തിരികെ മാതൃവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയ്ക്ക് ശേഷം പ്രൊമോഷൻ വന്നാൽ മാത്രം സീനിയോറിറ്റി നൽകിയാൽ മതിയെന്ന റൂൾസ് സെക്ഷനിലെ നിർദ്ദേശം ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം ചട്ടവിരുദ്ധ പരാമർശങ്ങൾ നോട്ട് ഫയലിൽ എഴുതിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ശ്രീ. ജോൺസൺ ജി.-യുടെ മാതൃവകുപ്പിലേയ്ക്കുള്ള മടങ്ങിവരവ് ചട്ടവിരുദ്ധമായി തടഞ്ഞ സംഭവം പോലീസ് വിജിലൻസിനെ കൊണ്ടോ പി.എസ്.സി. അംഗങ്ങളുടെ പാനലിനെ കൊണ്ടോ സമഗ്രമായി അന്വേഷിച്ച് കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ശ്രീ. ജോൺസൺ ജി.-യുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതിന് ഇനിയും എത്ര കാലം വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(എഫ്) സർക്കാർ സർവ്വീസ് സംബന്ധിച്ച് സർക്കാരിന്റെ ഔദ്യോഗിക ഉപദേശക സ്ഥാനമുള്ള പി.എസ്.സി.-യിൽ തന്നെ ഇത്തരം ചട്ടവിരുദ്ധ നടപടികൾ നടക്കുന്നത് തടയുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly